(ബി) രാജ്യത്തിനു പുറത്തുള്ള വിഘടന ശക്തികളുടെ പിന്തുണയോടെ ഇവിടെ ഭീകര പ്രവർത്തനങ്ങളിൽ ഈ സംഘടന പ്രവർത്തിച്ചിരുന്നു എന്നതിന് ആവശ്യമായ തെളിവുകൾ കണ്ടെത്തിയിട്ടുണ്ടോ ;

(സി) കഴിഞ്ഞവർഷം ദക്ഷിണ നാവിക ആസ്ഥാനത്ത് സേന നടത്തിയ പ്രദർശനം നിരീക്ഷിക്കാനും നേവിയുടെ ആയുധ സജ്ജീകരണങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കാനും ഇവർ ശ്രമം നടത്തിയെന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തെളിവ് ലഭിച്ചിരുന്നുവോ ;

(ഡി) മിലിട്ടറി ഇന്റലിജൻസ് ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് സംസ്ഥാന പോലീസ് നാവിക സേനയ്ക്ക് കത്ത് അയച്ചിരുന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത സംഘടനയുടെ അന്താരാഷ്ട്ര ബന്ധങ്ങളെക്കുറിച്ചും സംസ്ഥാനത്തെ ഭീകര പ്രവർത്തനങ്ങളെക്കുറിച്ചും എൻ.ഐ.എ.യെ കൊണ്ട് സമഗ്ര അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

തീവ്രവാദ കേസന്വേഷണങ്ങൾക്ക് സ്പെഷ്യൽ സ്കാഡ്

3 (5909) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന തീവ്രവാദകേസുകൾ അന്വേഷിക്കാൻ പ്രത്യേക സ്കാഡ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ, ഈ സ്കാഡിന്റെ ഘടന എന്തായിരിക്കും ;

(സി) തീവ്രവാദ സംഘടനകൾക്ക് ലഭിക്കുന്ന വിദേശസാമ്പത്തിക സഹായമടക്കമുള്ളവയുടെ അന്വേഷണം ഈ സ്കാഡിന്റെ പരിധിയിൽ വരുമോ ;

(ഡി) എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ സ്കാഡ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനായി പുതിയതായി ഒരു ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് (ഐ.എസ്.ഐ.ബി.) രൂപീകൃതമായിട്ടുണ്ട്.

(ബി) പുതിയതായി രൂപീകരിച്ച ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ഭരണപരമായി ക്രൈം ബ്രാഞ്ചിന്റെ ഭാഗമായാണ് പ്രവർത്തിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ഓപ്പറേഷൻ ചുമതല ഇന്റലിജൻസ് എ.ഡി.ജി.പി.ക്കാണ്. ഈ വിഭാഗത്തിന് ഒരു പോലീസ് സൂപ്രണ്ട്, രണ്ട് ഡി. വൈ. എസ്. പി. രണ്ട് സർക്കിൾ ഇൻസ്പെക്ടർ, രണ്ട് സബ് ഇൻസ്പെക്ടർ, രണ്ട് ഹെഡ് കോൺസ്റ്റബിൾ എന്നിവർ ഉണ്ടായിരിക്കും. ഈ ടീമിന്റെ മൊത്തത്തിലുള്ള നിയന്ത്രണം ഡി.ജി.പി. യിൽ നിക്ഷിപ്തമാണ്.

(സി) സംസ്ഥാനത്തെ ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന ഏതു കാര്യവും ഈ വിഭാഗത്തിന്റെ അന്വേഷണ പരിധിയിൽപ്പെടുന്നതാണ്.

(ഡി) സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന കേസുകൾ അന്വേഷിക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ ചുമതല.

സംസ്ഥാനത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്ന മത തീവ്രവാദ സംഘടനകൾ

4 (5910) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത തീവ്രവാദ സംഘടനകൾ സംസ്ഥാനത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവോയിസ്റ്റുകളും കേരളത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നതായി എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ;

(സി) മാവോയിസ്റ്റുകൾക്ക് ഏതെങ്കിലും മതതീവ്രവാദ സംഘടനകൾ സഹായം നൽകുന്നതായി സംശയം ഉയർന്നിട്ടുണ്ടോ ;

(ഡി) ഇതേക്കുറിച്ച് വിശദമായി അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ജൂൺ-ജൂലൈ മാസങ്ങളിൽ കേരളത്തിൽ പോലീസ് നടത്തിയ റെയ്ഡ്

5 (5911) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി ജൂൺ-ജൂലൈ മാസങ്ങളിൽ കേരളത്തിൽ ഏതെല്ലാം സംഘടനകളുടെ ഏതെല്ലാം ഓഫീസുകളിൽ പോലീസ് റെയ്ഡ് നടത്തി എന്നും ഇവിടെ നിന്ന് പിടിച്ചെടുത്ത സാധനങ്ങളുടെ വിവരവും വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കുമോ ;

(സി) ഏതെല്ലാം സംഘടനകൾ കേരളത്തിൽ നിരീക്ഷണത്തിലുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly